No. CEE/71/3LLB-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം
## ത്രിവത്സര എൽ.എൽ.ബി/ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി/ കെ.മാറ്റ് – 2020 പ്രവേശന പരീക്ഷ

## വിദ്യാർത്ഥികളുടെ ശ്രദ്ധയ്ക്ക്

2020–21 അദ്ധ്യയന വർഷത്തെ ത്രിവത്സര എൽ.എൽ.ബി/എം.ബി.എ (കെ.മാറ്റ്–2020)/ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി എന്നീ പ്രവേശന പരീക്ഷകൾ യഥാക്രമം ജൂൺ 20, 21, 22 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ വിവിധ ജില്ലകളിൽ കണ്ടെയ്ൻമെന്റ് സോണുകൾ നിലനിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 17/06/2020ന് ശേഷം ക്വാറന്റയിനിലാവുകയോ, കണ്ടെയ്ൻമെന്റ് സോണുകളിൽപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികൾ ആ വിവരം പരീക്ഷാകേന്ദ്രത്തിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്. കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾ ലെയ്സൺ ഓഫീസർമാരുമായി പങ്കുവച്ച് ദൂരീകരിക്കാവുന്നതാണ്. കൂടാതെ പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കും ഉപയോഗിക്കാവുന്നതാണ്.

അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാകമ്മീഷണർ**

തിരുവനന്തപുരം
17 .06.2020